പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 318

24.02.2016-ലെ മറുപടിക്ക്

ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം

ചോദ്യം

ശ്രീമതി.കെ.കെ.ലതിക
ശ്രീ.റ്റി.വി.രാജേഷ്
ശ്രീ.എം.ഹംസ
ശ്രീ.ആർ.രാജേഷ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; | (എ) വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്നു. |
| ബി)പ്രസ്തുത സംവിധാനം നടപ്പിലാക്കിയതോടെ തടവുകാരെ കോടതിയിൽ ഹാജരാക്കുന്നതിന് പോലീസ് അകമ്പടി ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ; | ബി) റിമാന്റ് നീട്ടൽ മാത്രമേ നിലവിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തുന്നുള്ളൂ. വിസ്താരം വേണ്ട തടവുകാരെ പോലീസ് അകമ്പടിയിൽതന്നെ ഇപ്പോഴും കോടതിയിൽ ഹാജരാക്കുന്നുണ്ട്. |
| സി) എത്ര കോടതികളെയും ജയിലുകളെയും വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി കൂട്ടി ഇണക്കാൻ കഴിഞ്ഞിട്ടുണ്ട്; | സി) അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) തടവുകാർക്ക് ജയിലിലെ കോൺഫറൻസിംഗ് കേന്ദ്രത്തിലിരുന്നുകൊണ്ട് കോടതി വിസ്താരത്തിൽ പങ്കെടുക്കാൻ സാദ്ധ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | ഡി) പ്രതികളെ കോടതികളിൽ എത്തിച്ചുമാത്രമേ വിസ്താരം നടത്തുന്നുള്ളൂ. റിമാന്റ് ദീർഘിപ്പിക്കൽ പോലുള്ളവയ്ക്ക് മാത്രമേ വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ ഉപയോഗിക്കുന്നുള്ളൂ. |
| ഇ) ജയിലിന് പുറത്ത് വച്ച് തടവുകാരെ സ്വാധീനിക്കുന്ന തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് പ്രസ്തുത സംവിധാനം മുഖേന സാധ്യമാകുമോ? | ഇ) സാദ്ധ്യമാകും. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജയിലുകൾ | കോടതികൾ |
|---|---|
| തിരുവനന്തപുരം ജില്ല | |
| 1. സെൻട്രൽ ജയിൽ, തിരുവനന്തപുരം<br>2. ജില്ലാ ജയിൽ, തിരുവനന്തപുരം<br>3. സ്പെഷ്യൽ സബ് ജയിൽ, തിരുവനന്തപുരം<br>4. സ്പെഷ്യൽ സബ് ജയിൽ, നെയ്യാറ്റിൻകര<br>5. സബ് ജയിൽ, ആറ്റിങ്ങൽ | 1. ജില്ലാ കോടതി, വഞ്ചിയൂർ<br>2. CJM കോടതി, വഞ്ചിയൂർ<br>3. MACT കോടതി, നെടുമങ്ങാട്<br>4. അഡീഷണൽ സെഷൻസ് കോടതി, നെയ്യാറ്റിൻകര |
| എറണാകുളം ജില്ല | |
| 1. സബ് ജയിൽ, എറണാകുളം<br>2. ജില്ലാ ജയിൽ, എറണാകുളം<br>3. സബ് ജയിൽ, ആലുവ<br>4. സബ് ജയിൽ, മട്ടാഞ്ചേരി<br>5. സ്പെഷ്യൽ സബ് ജയിൽ, മൂവാറ്റുപുഴ | 1. JFCM കോടതി, ആലുവ<br>2. ജില്ലാ കോടതി, കൊച്ചി<br>3. JFCM കോടതി, കൊച്ചി<br>4. JFCM കോടതി, പെരുമ്പാവൂർ |
| കണ്ണൂർ ജില്ല | |
| 1. സെൻട്രൽ ജയിൽ, കണ്ണൂർ<br>2. സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ<br>3. സ്പെഷ്യൽ സബ് ജയിൽ, തലശ്ശേരി<br>4. സബ് ജയിൽ, കണ്ണൂർ<br>5. വനിതാ ജയിൽ, കണ്ണൂർ | 1. കോർട്ട് കോംപ്ലക്സ്, തലശ്ശേരി<br>2. സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി തലശ്ശേരി<br>3. JFCM കോടതി, കണ്ണൂർ<br>4. JFCM കോടതി, പയ്യന്നൂർ<br>5. JFCM കോടതി, തളിപ്പറമ്പ്<br>6. JFCM കോടതി, മട്ടന്നൂർ |

സെക്ഷൻ ഓഫീസർ